## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3463

16/12/2015 - ൽ മറുപടിക്ക്

## തുറവൂർ ഇന്ത്യൻ ബാങ്കിൽ നിന്നും നൽകിയ 18 പേരുടെ വായ്പകൾ

**ചോദ്യം**

ശ്രീ.എ.എം.ആരിഫ്

**ഉത്തരം**

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ മുഖാന്തിരം അനുവദിച്ച ലോണുകളിൽ തുറവൂർ ഇന്ത്യൻ ബാങ്കിൽ നിന്നും നൽകിയ 18 പേരുടെ വായ്പകൾ മാത്രം എഴുതിതള്ളിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ആ വായ്പകൾ എഴുതിതള്ളാത്തതെന്ന് വിശദമാക്കാമോ;

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ മുഖാന്തിരം അനുവദിച്ച വായ്പകളിൽ ഇന്ത്യൻ ബാങ്കിൽ നിന്നും വായ്പ എടുത്ത ഗുണഭോക്താക്കളുടെ വായ്പ എഴുതിത്തള്ളിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഭവനശ്രീ വായ്പ സർക്കാർ ഏറ്റെടുത്തതിന്റെ ഭാഗമായി ബാങ്കുകളിൽ നിന്നും കുടിശികയുടെ കണക്കുകൾ കുടുംബശ്രീ മിഷൻ എസ്.എൽ.ബി.സി വഴി ശേഖരിച്ചിരുന്നു. ഇത്തരം വിവരങ്ങൾ ജില്ലാ മിഷൻ വഴി പരിശോധിക്കുകയും പരിശോധനയിൽ സിഡിഎസ്/മെമ്പർ സെക്രട്ടറി എന്നിവരുടെ സാക്ഷ്യപത്രമില്ലാതെ ലഭിച്ച വായ്പകൾ ഭവനശ്രീ വായ്പയായി പരിഗണിച്ചിട്ടില്ലാത്തതുമാണ്..

(ബി) അടിയന്തരമായി പ്രസ്തുത ലോണുകൾ എഴുതിതള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ബി) പ്രസ്തുത വായ്പകൾ സിഡിഎസ് ചെയർപേഴ്സൺ/മെമ്പർ സെക്രട്ടറിയുടെ സാക്ഷ്യപത്രത്തോടു കൂടിയുള്ള ഭവനശ്രീ വായ്പയാണെങ്കിൽ ഇവ ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.